# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ജനവരി 6

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ./ബി.കോം. (2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/2012 അഡ്മിഷൻ മേഴ്സി ചാൻസ്- പ്രൈവറ്റ് രജിസ്ട്രേഷൻ) ബി.എ. മലയാളം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ - ചെറുശ്ശേരി മുതൽ കവിത്രയം വരെ, ലോക കാവ്യമാതൃകകൾ, മലയാള പഠനത്തിന്റെ രീതിശാസ്ത്രം എന്നീ പേപ്പറുകളുടെ പരീക്ഷ യഥാക്രമം ഫെബ്രുവരി 14, 17, 19 തീയതികളിൽ നടക്കും.

(പി.ആർ.ഒ/39/29/2020)

## അന്തിമ റാങ്ക് പട്ടിക

2018 ഏപ്രിലിൽ നടന്ന അവസാന വർഷ ബി.എസ്‌സി. മെഡിക്കൽ മൈക്രോബയോളജി (പുതിയ സ്കീം - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. ഗാന്ധിനഗർ എസ്.എം.ഇ.യിലെ അജ ജോർജ്, അഖില വത്സൻ, കെ.എൻ. ശില്പ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി.

(പി.ആർ.ഒ/39/30/2020)

2018 ഡിസംബറിൽ നടന്ന അവസാന വർഷ ബി.എസ്‌സി. മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി (എം.ആർ.ടി.) പരീക്ഷയുടെ അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. ഗാന്ധിനഗർ എസ്.എം.ഇ.യിലെ റുക്സാന പി. അഷറഫ്, ആലീസ് സി. ജോയ്, സി.ആർ. അഞ്ജലി എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി.

(പി.ആർ.ഒ/39/31/2020)

## പരീക്ഷഫലം

2019 മെയിൽ നടന്ന രണ്ടാം വർഷ ബി.എസ്‌സി. മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി (2016 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ജനവരി 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/32/2020)

2019 മെയിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.പി.എഡ്. (2018 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനവരി 20 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/33/2020)

2019 ഒക്ടോബറിൽ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ നടന്ന നാലാം സെമസ്റ്റർ എം.എ. ഹിസ്റ്ററി/എം.എ. ആന്ത്രോപോളജി (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/34/2020)

## സാമൂഹിക സംരംഭകത്വം; ഡോ. അജിത് ദയാനന്ദന്റെ പ്രഭാഷണം ജനവരി ഒൻപതിന് എം.ജി.യിൽ

സാമൂഹിക സംരംഭകത്വം; രാജ്യാന്തര-ഇന്ത്യൻ അനുഭവങ്ങളെക്കുറിച്ച് അമേരിക്കയിലെ അലാസ്ക അങ്കൊറേജ് സർവകലാശാലയിലെ അധ്യാപകൻ ഡോ. അജിത് ദയാനന്ദൻ നടത്തുന്ന പ്രഭാഷണപരിപാടി ജനവരി ഒൻപതിന് നടക്കും. രാവിലെ 10ന് സ്കൂൾ ഓഫ് ഗാന്ധിയൻതോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിലാണ് പ്രഭാഷണം നടക്കുക. സാമൂഹിക സംരംഭകത്വവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾക്കൊപ്പം ഗ്രാമീൺ ബാങ്ക്, കുടുംബശ്രീ എന്നിവയുമായി ബന്ധപ്പെട്ട പഠനങ്ങളും ചർച്ച ചെയ്യും.

സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് സംഘടിപ്പിക്കുന്ന പ്രഭാഷണ പരമ്പരയുടെ ഭാഗമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

## അക്കാദമിക സഹകരണ സാധ്യത തേടി
## വിർജീനിയ സർവകലാശാല സംഘം എം.ജി.യിൽ

അക്കാദമിക സഹകരണ സാധ്യതകൾ മനസിലാക്കുന്നതിനായി അമേരിക്കയിലെ വിർജീനിയ സർവകലാശാലയിലെ അധ്യാപക-വിദ്യാർഥി സംഘം മഹാത്മാ ഗാന്ധി സർവകലാശാല സന്ദർശിച്ചു. സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിലെ അധ്യാപകരുമായും വിദ്യാർഥികളുമായും സംവദിച്ചു. വിർജീനിയ സർവകലാശാലയിലെ ഇന്ത്യ പ്രോഗ്രാമിലെ പ്രൊഫ. റിച്ചാർഡ് കൊഹൻ, പ്രൊഫ. മെഹർ ഫറൂഖി എന്നിവർ നേതൃത്വം നൽകുന്ന 16 അംഗ സംഘമാണ് സർവകലാശാലയിലെത്തിയത്. സ്കൂൾ ഓഫ് ഗാന്ധിയൻ സ്റ്റഡീസ് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസും മറ്റ് പഠനവകുപ്പുകളും നടത്തുന്ന കോഴ്സുകളെക്കുറിച്ച് പ്രൊഫ. എം.എച്ച്. ഇല്യാസ് വിശദീകരിച്ചു.

### ഫോട്ടോ ക്യാപ്ഷൻ

**വിർജീനിയ സർവകലാശാലയിലെ അധ്യാപക വിദ്യാർഥി സംഘം എം.ജി. സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിലെ അധ്യാപകരുമായും വിദ്യാർഥികളുമായും സംവദിക്കുന്നു**

(പി.ആർ.ഒ/39/36/2020)

## സെനറ്റ് തെരഞ്ഞെടുപ്പ്; വരണാധികാരിയായി

മഹാത്മാ ഗാന്ധി സർവകലാശാല സെനറ്റിലെ ഗവൺമെന്റ് കോളേജ് അധ്യാപകർ, പ്രൈവറ്റ് കോളേജ് അധ്യാപകർ, പ്രിൻസിപ്പൽമാർ, എം.എൽ.എ.മാർ, പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർമാൻ/കോർപ്പറേഷൻ മേയർ എന്നീ മണ്ഡലങ്ങളിൽ നിലനിൽക്കുന്ന ഒഴിവ് നികത്തുന്നതിനുള്ള തെരഞ്ഞെടുപ്പിന്റെ വരണാധികാരിയായി ജോയിന്റ് രജിസ്ട്രാർ 2 (ഭരണവിഭാഗം) ആർ.എൻ. തുളസീലാലിനെ നിയമിച്ചു.

(പി.ആർ.ഒ/39/37/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2020 ജനുവരി 6

# വാർത്താക്കുറിപ്പ് 2

## ജനുവരി എട്ടിലെ പരീക്ഷകൾ മാറ്റി

മഹാത്മാഗാന്ധി സർവകലാശാല ജനുവരി എട്ടിന് നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/38/2020)

## പുനർമൂല്യനിർണയം: അപേക്ഷ തീയതി നീട്ടി

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എസ് സി. ഫുഡ് ടെക്നോളജി ആൻഡ് ക്വാളിറ്റി അഷ്വറൻസ്, ഫിസിക്സ്(മെറ്റീരിയൽ സയൻസ്), സൈക്കോളജി, ഹോംസയൻസ് ബ്രാഞ്ച് 10എ, ഹോം സയൻസ് ബ്രാഞ്ച് 10 ഡി, ഫുഡ് സയൻസ് ആൻഡ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി, മാത്തമാറ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, അപ്ലൈഡ് മൈക്രോ ബയോളജി, എം.എ. പൊളിറ്റിക്കൽ സയൻസ്, തമിഴ്, എം.ടി.ടി.എം., എം.എച്ച്.എം. എന്നീ പ്രോഗ്രാമുകളുടെ പുനർമൂല്യനിർണയത്തിനുള്ള അപേക്ഷ ജനുവരി 10 വരെ നൽകാം. സാങ്കേതിക തകരാർ മൂലം പുനർമൂല്യനിർണയത്തിനുള്ള ലിങ്ക് ലഭ്യമാകാതിരുന്നതിനാലാണ് അപേക്ഷ തീയതി നീട്ടിയത്.

(പി.ആർ.ഒ/39/39/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ